**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 198 — 5.3.2012 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ചേർത്തല മണ്ഡലത്തിൽ ഈ കാലയളവിൽ വിതരണം ചെയ്യപ്പെട്ട തുക എത്രയാണെന്നു പറയാമോ ; | (എ) | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 53,99,18,010/- രൂപ(അൻപത്തി മൂന്ന് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി പതിനെണ്ണായിരത്തി പത്ത് രൂപ) ദുരിതാശ്വാസ വിതരണത്തിനായി അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (ബി) | ചികിത്സാസഹായത്തിന് അപേക്ഷ സമർപ്പിക്കുകയും തുക അനുവദിച്ച് ഉത്തരവാകുകയും ചെയ്ത കേസുകളിൽ രോഗി മരണപ്പെട്ടാൽ അവകാശികൾക്ക് പണം ലഭിക്കുവാൻ ബുദ്ധിമുട്ടു നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. ചികിത്സാസഹായം ഗവൺമെന്റ് അനുവദിച്ച കേസ്സുകളിൽ രോഗികൾ മരിച്ചാൽ അവരുടെ അവകാശികൾക്ക് പ്രസ്തുത തുക നല്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | സി) ചികിത്സാസഹായത്തിന് അപേക്ഷ നൽകുകയും പണം കൈപ്പറ്റുന്നതിനു മുമ്പ് രോഗി/അപേക്ഷകൻ മരണമടയുകയും ചെയ്യുന്ന കേസുകളിൽ ഏറ്റവുമടുത്ത ബന്ധുവിന്റെ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവ മാത്രം പരിഗണിച്ച് തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഇത്തരം കേസുകളിൽ, മരിച്ച വ്യക്തിയുടെ നിയമപരമായ അവകാശികൾ വ്യക്തമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്. |
| (ഡി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന പണം രോഗിക്ക് ലഭിക്കുന്നതിന് കാലവിളംബം നേരിടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.